2. പച്ചക്കറി കൃഷി വ്യാപനത്തിനായി 163 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി 201 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

3. കറവമാട്, താറാവ് വളർത്തൽ പദ്ധതിയുടെ ഭാഗമായി 636 കറവമാടുകളെയും 74550 താറാവുകളെയും വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 478.53 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

4. കാർഷിക യന്ത്രവൽക്കരണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 2745.30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

5. മത്സ്യവ്യാപനത്തിനായി 277.84 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 459.4 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

6. കോഴിവളർത്തൽ പദ്ധതിക്കായി 479 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 12 കോഴിക്കുഞ്ഞുങ്ങൾ വീതമുള്ള 15120 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

7. ജൈവകൃഷി വ്യാപനത്തിനായി 65 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നിലവിൽ 490 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

നിറവ് പദ്ധതി

234 (1673) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ ഭാഗമായി കുന്ദമംഗലം മണ്ഡലത്തിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴിവളർത്തൽ, മത്സ്യകൃഷി, ക്ഷീര കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര വികസനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി) 2014-15-ലാണ് കുന്ദമംഗലം നിയോജക മണ്ഡലത്തെ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത്. കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മണ്ഡലതല മീറ്റിംഗ് കൂടി ആവശ്യമായ പദ്ധതികൾ തയ്യാറാക്കി വരികയാണ്.

നിറവ് പദ്ധതി

235 (1674) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിപ്രകാരം എത്ര കോടി രൂപയുടെ പദ്ധതികളാണ് ഒരു നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയെന്നും ഈ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതവും, സർക്കാർ വിഹിതവും എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) 'നിറവ്' പദ്ധതികളിൽ ഏതൊക്കെ വകുപ്പുകളിൽപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്താൻ കഴിയുക എന്നും വെളിപ്പെടുത്താമോ ;

(സി) ഇതുവരെ നിറവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞുവെന്നും ആരംഭിച്ച പദ്ധതികൾ ഏതു ഘട്ടം വരെയെത്തി എന്നും വെളിപ്പെടുത്തുമോ ;

(ഡി) കോട്ടയം ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിലാണ് 'നിറവ്' പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയെത്തിയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഓരോ മണ്ഡലങ്ങളും തയ്യാറാക്കുന്ന പദ്ധതികളുടെ ഘടകയനുസരിച്ച് ഇതിൽ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി അംഗീകരിക്കുന്ന പദ്ധതികളുടെ ഘട അനുസരിച്ചായിരിക്കും ഘട അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly